**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2672** **13-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി മേഖലയിൽ തൊഴിൽ ക്ഷേമനിധി അംശദായം അടച്ച എത്ര തൊഴിലാളികൾ നിലവിലുണ്ട്; ഇതിൽ എത്ര പേർക്ക് ക്ഷേമ പെൻഷൻ ലഭിക്കുന്നുണ്ട്; വ്യക്തമാക്കാമോ; | (എ) | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് നിലവിൽ വന്ന കാലയളവു മുതൽ നാളിതുവരെ രജിസ്റ്റേർഡ് തൊഴിലാളികളുടെ എണ്ണം 259,269 ആണ്. ബോർഡിൽ നിലവിൽ 68,721 അംഗങ്ങളാണുള്ളത്. സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ 63,050 ഗുണഭോക്താക്കൾക്കാണ് 2022 നവംബർ മാസം പെൻഷൻ അനുവദിച്ചിട്ടുള്ളത്. |
| (ബി) | സാമൂഹ്യ സുരക്ഷ ക്ഷേമ പെൻഷൻ ലഭിക്കുന്നവരിൽ കശുവണ്ടി മേഖലയിൽ തൊഴിൽ ക്ഷേമനിധി അംശദായം അടച്ച തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ എത്ര പേർക്കാണ് നൽകുന്നത് എന്ന വിവരം ലഭ്യമാക്കാമോ? | (ബി) | 06.02.2017-ന് മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡു പെൻഷനും ലഭിച്ചു വന്നിരുന്നവർക്ക് നിലവിൽ രണ്ടു പെൻഷനും ലഭിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന 38,354 ഗുണഭോക്താക്കൾക്കാണ് കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡു പെൻഷനും ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ